(14) കാസർഗോഡ്

2012-13	536899149
2013-14	414680084
ആകെ	951579233

(സി) എറണാകുളം.

(ഡി) ശ്രീ. സി. എ. കുഞ്ഞിരാമൻ നമ്പ്യാർ.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അസിസ്റ്റന്റ് മാനേജർ നിയമനം

183 (4174) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് പി.എസ്.സി. എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്; എത്ര ഒഴിവുകൾ അപ്പോൾ ഉണ്ടായിരുന്നു ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്; ഈ ലിസ്റ്റിലെ എൻ.സി.എ. ഒഴിവുകൾ നികത്തുന്നതിലേക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പ്രാവശ്യം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ എൻ.സി.എ. ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(ഇ) എൻ.സി.എ. ഒഴിവുകൾ നികത്തുന്നതിലേയ്ക്ക് തുടർച്ചയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും യോഗ്യതാ മാനദണ്ഡം അനുസരിച്ച് ആളെ ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകൾ നികത്തുമോ;

(എഫ്) നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നികത്തപ്പെടാത്ത ഒഴിവുകൾ എത്രയുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പായി നിയമന നടപടികൾ സ്വീകരിക്കുമോ ; കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ എന്ത് അനുപാതത്തിലാണ് അസിസ്റ്റന്റ് മാനേജരുടെ ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെയും നേരിട്ടുള്ള നിയമനത്തിനുമായി നിശ്ചയിച്ചിട്ടുള്ളത്; മുൻകാലങ്ങളിൽ കോർപ്പറേഷനിൽ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകളാണ് സ്ഥാനക്കയറ്റത്തിലൂടെ നികത്തിയിട്ടുള്ളത്; ഇങ്ങനെ നികത്തിയ ഒഴിവുകൾ ആനുപാതികമായിട്ടാണോ നികത്തിയിട്ടുള്ളത്?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് 12-11-2007 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഏഴ് ഒഴിവുകൾ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ ഉണ്ടായിരുന്നു.

(ബി) 14-6-2010 -ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(സി) നിലവിൽ 8 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ടി തസ്തികയുടെ NCA ഒഴിവുകൾ നികത്തുന്നതിനായി 588/13 (NCA OBC), 589/13 (NCA LC/AI), 590/13 (NCA M) എന്നീ കാറ്റഗറി നമ്പരുകളിലായി 31-12-2013 തീയതിയിലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഒ.ബി.സി. വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിനായി ഒരു തവണയും എൽ.സി./എ.ഐ.മുസ്ലിം വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനായി രണ്ടു തവണയും എൻ.സി.എ.വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ആവശ്യത്തിനുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാൽ എഴുത്തു പരീക്ഷ നടത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ NCA ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ ബാധകമല്ല.

(എഫ്) നിലവിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ പതിനൊന്ന് ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ജി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ അസിസ്റ്റന്റ് മാനേജർ തസ്തിക ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയുടെ മുകളിലുള്ളതും ജൂനിയർ എക്സിക്യൂട്ടീവ് തസ്തികയിൽ നിന്നും പ്രൊമോഷൻ വഴി നികത്തേണ്ടതുമാണ്. എന്നാൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്റ്റാഫ് റെഗുലേഷൻ അനുസരിച്ച് അസിസ്റ്റന്റ് മാനേജർ തസ്തികയിൽ അമ്പത് ശതമാനം വരെ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്. എന്നാൽ ഈ ഒഴിവുകൾ ട്രാൻസ്ഫർ, ഗവൺമെന്റിലേയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയോ സമാനമായ സ്ഥാനങ്ങൾ വഹിക്കുന്നവരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ മുഖേന ബോർഡിന്റെ തീരുമാനപ്രകാരം നികത്താവുന്നതാണ്. ഇതിനുപുറമെ ഈ ഒഴിവുകൾ ഭരണപരമായ കാര്യക്ഷമതയ്ക്കും സൗകര്യത്തിനുംവേണ്ടി മുൻ നിശ്ചയിക്കപ്പെട്ട അനുപാതത്തിൽ വ്യതിയാനം വരുത്തിക്കൊണ്ട് ബോർഡ് തീരുമാനപ്രകാരം സ്ഥാനക്കയറ്റം വഴിയും നികത്താവുന്നതാണ്. മുൻകാലങ്ങളിൽ സ്ഥാനക്കയറ്റം വഴി ഒഴിവുകൾ നികത്തിയത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിലെ അഴിമതി

184 (4175) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി, ജില്ലാ കോടതികളിലേക്ക് നടന്നിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാരുടെയും, പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിൽ അഴിമതി നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

നിയമ വ്യവസ്ഥകൾ

185 (4176) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ അടക്കി ഭരിക്കാൻ വേണ്ടിയുണ്ടാക്കിയ നിയമനിർമ്മാണ കാഴ്ചപ്പാടിൽ നിന്നും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സംസ്ഥാനത്തെ നിയമനിർമ്മാണ കാഴ്ചപ്പാടിന്, ഗുണപരമായ മാറ്റം എത്രത്തോളം ഉണ്ടായിട്ടുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) നിയമങ്ങൾ അനുസരിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന് ജനങ്ങളെ ബോധവത്ക്കരിക്കാൻ കൂടി ഉതകും വിധമുള്ള കാഴ്ചപ്പാട്, അധികാര കേന്ദ്രീകരണത്തിനും, ദണ്ഡനീതിക്കുമുപരിയായി നിയമ വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്ന നയം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly